**മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘം പ്രസിഡന്റ്**

**റൈറ്റ് റവ. ഡോ. ഗ്രീഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പായിൽ നിന്നും**

**സർക്കുലർ നമ്പർ: 2/2021**

കർത്താവിൽ വാത്സല്യമുള്ളവരെ,

കോവിഡ് മഹാമാരിയുടെ മുമ്പിൽ ലോക ജനത സ്തംഭിച്ച് നിൽക്കുന്ന വേളയിലാണ് ഈ സർക്കുലർ അയയ്ക്കുന്നത്. കോവിഡ്-19 സൃഷ്ടിച്ച ദുരന്തം വിവരണാതീതമാണ്. എല്ലാ രാജ്യങ്ങളിലുമായി അനേകലക്ഷം മനുഷ്യർ ഇതിനകം മരണത്തിന് കീഴടങ്ങി, രോഗാതുരർ ആകുന്നവരുടെ സംഖ്യ അനുദിനം വർദ്ധിക്കുകയാണ്. നമ്മുടെ നിത്യജീവിതം വിവരിക്കാനാവാത്ത വിധം ആകെ ഉലഞ്ഞു പോയിരിക്കുന്നു. രോഗത്തെ പ്രതിരോധിക്കാനായി സാമൂഹിക ബന്ധങ്ങൾ വിച്ഛേദിക്കാൻ നമ്മൾ നിർബന്ധിതരായിരിക്കുന്നു. അതു സൃഷ്ടിക്കുന്ന ഏകാന്തതയും ഒറ്റപ്പെടലും ഏറെ അനുഭവിക്കുന്നത് പ്രായമായവരും രോഗികളും കുഞ്ഞുങ്ങളുമാണ്. ഈ അവസ്ഥ അവരുടെ മനസിന്റെ താളത്തെ ദുർബ്ബലമാക്കുന്നു. രോഗപ്രതിരോധ ഭൂമികയിൽ ആരോഗ്യപ്രവർത്തകർ കഠിനാദ്ധ്വാനം ചെയ്യുകയാണ്. അവരുടെ സേവനം അതിമഹത്വകരമാണ്. നമ്മുടെ എല്ലാവരുടെയും ആദരവ് അവർ അർഹിക്കുന്നു. ഈ മഹാമാരി വളരെ പ്രത്യക്ഷമായി ബാധിക്കുന്ന മറ്റൊരു രംഗം സാമ്പത്തിക മേഖലയാണ്. അതിവേഗം വളരുന്ന സാമ്പത്തിക മാന്ദ്യം സാമൂഹിക ജീവിതത്തെ ആകെ കലുഷിതമാക്കുകയാണ്. അനേകരുടെ ജോലി ഇതിനകം നഷ്ടപ്പെട്ടു. പാവപ്പെട്ടവരുടെ അവസ്ഥ വളരെ പരിതാപകരമാകുകയാണ്. ഈ അവസ്ഥ എത്രത്തോളം നീണ്ടു നില്ക്കുമെന്ന് നാം അറിയുന്നില്ല. കൃപാലുവായ ദൈവത്തിലേക്ക് നമുക്കു നോക്കാം. ശാശ്വതമായ ഒരു ശമനം അവിടുന്നു നൽകണമേയെന്ന് മനംനൊന്ത് പ്രാർത്ഥിക്കാം. ആവശ്യത്തിൽ ഇരിക്കുന്നവരെ നമ്മുടെ കഴിവിനൊത്ത് സഹായിക്കാൻ ഉത്സാഹിക്കണം.

മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘം അതിന്റെ ചരിത്രയാത്രയിൽ 97 വർഷം പിന്നിടുന്നു. 1924-ൽ ഭാഗ്യസ്മരണീയനായ ഡോ. ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ സുവിശേഷ ദർശനത്തിലും ദീർഘവീക്ഷണത്തിലും സ്ഥാപിതമായ സംഘം ഏഴിന പരിപാടികളിലൂടെ കാലോചിതമായ സാക്ഷ്യനിർവ്വഹണത്തിന് ദൈവം സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ശതാബ്ദിയിലേക്ക് നടന്നടുക്കുന്ന സംഘം, പ്രവർത്തനങ്ങളിൽ അത്മായ പങ്കാളിത്തത്തോടെ മുന്നേറുവാൻ നമ്മെ സമർപ്പിക്കാം.

സംഘത്തിന്റെ 2019-20, 2020-21-ലെ വാർഷിക പൊതുയോഗം ഒക്ടോബർ മാസം 8-ാം തീയിതി Zoom Platform-ലൂടെ നടത്തപ്പെടുവാൻ പ്രത്യേകം പ്രാർത്ഥിക്കാം. 2021-ലെ സംഘദിനം ഒക്ടോബർ മാസം 3-ാം തീയിതി ആണല്ലോ. സെപ്റ്റംബർ 26 മുതൽ ഒക്ടോബർ 3 വരെയാണ് സംഘവാരം. ആരാധനാലയങ്ങളിൽ ഗവണ്മെന്റ് നിബന്ധനയനുസരിച്ച് സംഘവാര പരിപാടികൾ നടത്തുവാൻ എല്ലാവരും ഉത്സാഹിക്കണം. ഡപ്യൂട്ടേഷനും മറ്റ് പരിപാടികളും ക്രമീകരിക്കുന്നതിന് ബുദ്ധിമുട്ടായതിനാൽ പ്രാദേശിക ഇടവകകൾ ചെയ്യുന്ന ക്രമീകരണങ്ങളിൽ ഏവരും പങ്കെടുക്കണം. ആരാധന നടത്തുവാൻ ശ്രദ്ധിക്കണം. ആരാധനക്രമം ഇതോടൊപ്പം അയയ്ക്കുന്നു. സംഘത്തിന്റെയും സഭയുടെയും വെബ്സൈറ്റിൽ ഇത് ലഭ്യമാണ്. ഞായറാഴ്ചത്തെ സ്തോത്രകാഴ്ചയാണ് സംഘത്തിന്റെ ഏകവരുമാനം. പലതരത്തിൽ സംഘം ബുദ്ധിമുട്ടുന്ന ഇന്നത്തെ സാഹചര്യത്തിൽ പ്രാർത്ഥനാപൂർവ്വം സംഘദിന സ്തോത്രകാഴ്ചയിൽ താല്പര്യപൂർവ്വം പങ്കെടുക്കണം. കഴിഞ്ഞ വർഷം സ്തോത്രകാഴ്ച ഇനത്തിൽ 8 ലക്ഷം മാത്രമേ ലഭിച്ചുള്ളു.

നമ്മുടെ മിഷൻ മേഖലകളായ അച്ചൻ കോവിൽ, സുന്ദരപാണ്ഡ്യപുരം, മുക്കട, കൽക്കുളം എന്നീ മിഷൻ ഫീൽഡുകളുടെ പ്രവർത്തനത്തിൽ ഏവരുടെയും പ്രാർത്ഥനയും സഹകരണവും ഉണ്ടാകണം. കൊമ്പാടി ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ ലഭിക്കുന്ന പഠനസൗകര്യം പ്രയോജനപ്പെടുത്തണം. ഈ വർഷം സ്പെഷ്യൽ കോഴ്സിൽ ഉൾപ്പെടെ 10 വിദ്യാർത്ഥികൾ പഠനം നടത്തുന്നു. വൃക്കരോഗികളുടെ ഡയാലിസിസിന് ആവശ്യമായ വിഭവസമാഹരണം നടത്തുന്നതിന് ഏവരും ഉത്സാഹിക്കണം. മുഴുരാത്രി പ്രാർത്ഥന, മദ്ധ്യസ്ഥ പ്രാർത്ഥന, ദർശനധ്യാനം ഇവ അനുഗ്രഹമായി തീരുവാൻ പ്രാർത്ഥിക്കണം, പങ്കെടുക്കണം. സന്ദേശം മാസികയുടെ വരിസംഖ്യ പുതുക്കണം. പുതിയ വരിക്കാരാകുവാൻ ശ്രദ്ധിക്കണം. ഗോസ്പൽ ടീമിന്റെ പ്രവർത്തനങ്ങൾ ഇടവകകൾക്ക് പ്രയോജനപ്പെടുത്തുവാൻ അച്ചന്മാർ ഉത്സാഹിക്കണം.

പ്രീയരേ, പ്രതിസന്ധികളിൽ പതറാതെ, നന്മ ചെയ്യുവാൻ ഉത്സാഹിക്കുക. സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നമ്മുടെ ഹൃദയങ്ങളെയും മനസ്സുകളെയും ക്രിസ്തുയേശുവിൽ കാക്കപ്പെടട്ടെ.

കർത്താവ് നമ്മെ അനുഗ്രഹിക്കട്ടെ.

ക്രിസ്താബ്ദം 2021 സെപ്റ്റംബർ 2 ന് മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘം ഓഫീസിൽ നിന്നും

**ഡോ. ഗ്രീഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ**